(സി) പട്ടികജാതി വികസന വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ശ്രീ. ബാഹുലേയന് 40,000 രൂപയും ഇടുക്കി ജില്ലയിലെ ശ്രീ. എം. കെ. രമേശന് 30,000 രൂപയും നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിൽ തിരുവനന്തപുരം, വയനാട് ജില്ലകളിൽ മാത്രമേ തുക അനുവദിച്ചു നൽകിയിരുന്നുള്ളൂ. തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിരുന്ന 26,600 രൂപ രണ്ട് പേർക്ക് നൽകി.

(ഡി) ഭവന നിർമ്മാണത്തിന് വായ്പ ഗഡുക്കളായാണ് അനുവദിക്കുന്നത്. നിർമ്മാണ പുരോഗതി വിലയിരുത്തിയശേഷം മാത്രമേ ഓരോ ഗഡുവും അനുവദിച്ചു നൽകുവാൻ കഴിയുകയുള്ളൂ. അതിനാൽ ഈ തുക കൈവശം വെയ്ക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കാനാവില്ല. എന്നാൽ ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന തുക അതേ സാമ്പത്തികവർഷം ചെവഴിക്കണമെന്ന വ്യവസ്ഥയുണ്ട്.

പട്ടികജാതി കോളനികളിലേക്കും ആദിവാസി ഊരുകളിലേക്കും ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് നടപടി

73 (4014) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത സൗകര്യമില്ലാത്ത പട്ടികജാതി കോളനികളിലേക്കും ആദിവാസി ഊരുകളിലേക്കും ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; അവ ഏതെല്ലാമാണ് ;

(ഡി) കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭ്യമായ ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡ് നിർമ്മാണം ഗതാഗതാ സൗകര്യമൊരുക്കൽ എന്നീ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി എസ്.ഡി.പി.യുടെ മുന്നിൽ രണ്ട് തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 31-5-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 54/2003/പ്ലാനിംഗ് പ്രകാരം 2003-04 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരം റോഡ് നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് മാത്രം ഉപയോഗമുള്ള നടപ്പാലങ്ങൾ നിർമ്മിക്കാവുന്നതാണ്. ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പട്ടികജാതി വികസന വകുപ്പിൽ നിന്നും മായിൻ ചേരി പട്ടികജാതി റോഡ് ടാറിംഗിനായി 4,30,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് ആദിവാസി കോളനികളിലേക്ക് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിയാരം-മായിൻ ചേരി പട്ടികജാതി കോളനി റോഡ് ടാറിംഗിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2001-02 വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം 10 റോഡുകളുടെ പണികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ ചങ്ങല ഗെയ്റ്റ് പെരുവ റോഡ്, കുത്തുപറമ്പ് പാങ്ങിക്കൽ നരിക്കോട്-മല റോഡ്, ഇരിക്കൂർ പടച്ചിക്കണ്ടം റോഡ്. *ഇരിക്കൂർ പടച്ചിക്കണ്ടം റോഡ് കുത്തുപറമ്പ് തൃപ്പങ്ങോട്ടൂർ പാങ്ങിക്കൽ നദികോട് മല കോളനി റോഡ് എന്നിവയുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ വേട്ടുവ, പുലയ വേട്ടുവ സമുദായങ്ങളെ ഉൾപ്പെടുത്താൻ നടപടി

74 (4015) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി./എസ്.റ്റി. ലിസ്റ്റിൽ നിന്ന് വേട്ടുവ, പുലയ വേട്ടുവ സമുദായങ്ങളെ ഒഴിവാക്കിയത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമായി എന്താണ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പട്ടികജാതിയിൽ ഉൾപ്പെടുന്നവർ എന്ന നിലയിൽ വേട്ടുവ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റും നിലനിർത്തികിട്ടുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) വിദ്യാഭ്യാസം, ചികിത്സ, പെൻഷനുകൾ, സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ സുരക്ഷാ പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ ഉൾപ്പെടെ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് പുതിയ നിയമത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഇ) ഈ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly